കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ശ്രീമതി ശാലിനി ബാബു, ഫയൽ ചെയ്ത WP(C) No.26400/2018 ഹർജി-ബഹു.ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

================================================================

## തദ്ദേശ സ്വയംഭരണ (ഇ.എം.) വകുപ്പ്

സ.ഉ.(സാധാ) നം. 1446/2023/LSGD തീയതി, തിരുവനന്തപുരം, 14-07-2023

================================================================

പരാമർശം:- 1. 28.06.2018 തീയതിയിലെ ഇ.എം 2/61/2018/ത.സ്വ.ഭ.വ നമ്പർ കത്ത്

2. ശ്രീമതി ശാലിനി ബാബു ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No.26400/2018 ഹർജി.
3. WP(C) No.26400/2018 ഹർജിയിൽ 04.02.2019 തീയതിയിൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം.

## ഉത്തരവ്

വിധവാ പെൻഷൻ ഉൾപ്പെടെയുള്ള സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ലഭിക്കുന്നതിനുള്ള പൊതുമാനദണ്ഡങ്ങൾ പ്രകാരം കുടുംബവാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയരുതെന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാലും, ഒരു വ്യക്തിക്ക് ജനപ്രതിനിധിയാണെങ്കിലും നിലവിലെ അർഹതാമാനദണ്ഡങ്ങൾ പാലിക്കേണ്ടതുള്ളതിനാൽത്തന്നെ അവർക്ക് ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ ലഭിക്കാൻ അർഹതയില്ല എന്നതിന്റെ അടിസ്ഥാനത്തിലും സാമൂഹിക സേവനം ഉൾപ്പെടെയുള്ള വിവിധ സേവനങ്ങൾക്കോ മറ്റ് ജോലികൾക്കോ പ്രതിഫലമായി ലഭിക്കുന്ന എല്ലായിനം ഓണറേറിയങ്ങളും ആറു മാസത്തിലധികമായി ലഭിച്ച വരുന്ന പക്ഷം വരുമാന നിർണ്ണയത്തിനായി കണക്കിലെടുക്കേണ്ടതാണ് എന്നതിനാലും, കുടുംബവാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കൂടുതലായതിനാലും ശ്രീമതി. ശാലിനി ബാബു നിലവിൽ വാങ്ങിക്കൊണ്ടിരിക്കുന്ന വിധവാ പെൻഷൻ സസ്പെന്റ് ചെയ്യാനും കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപ അധികരിച്ച തിയതി മുതൽ വാങ്ങിയ സാമൂഹ്യ സുരക്ഷാ പെൻഷൻ തിരിച്ച് പിടിക്കാനും പരാമർശം (1) പ്രകാരം പഞ്ചായത്ത് ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് വിധവാ പെൻഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി ശാലിനി ബാബു WP(C) No.26400/2018 നമ്പരായി ബഹു. ഹൈക്കോടതിയിൽ ഹർജി ഫയൽ ചെയ്തു.

2. ശ്രീമതി ശാലിനി ബാബു WP(C) No.26400/2018 നമ്പരായി ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഹർജിയിൽ ശ്രീമതി ശാലിനി ബാബു സാമ്പത്തികമായും സാമൂഹികമായും പിന്നാക്ക വിഭാഗത്തിലുള്ളതും, സ്വന്തമായി ഭവനമില്ലെന്നും, പ്രായപൂർത്തിയാകാത്ത മകനോടൊപ്പം വാടക വീട്ടിലാണ് താമസമെന്നും ടിയാൾക്ക് ഇന്ദിരാഗാന്ധി വിധവാ പെൻഷൻ നിഷേധിച്ചത് മെറിറ്റ് പരിശോധിക്കാതെയാണെന്നും ബഹു.ഹൈക്കോടതി കണ്ടെത്തുകയും; വിധവാ പെൻഷന് അർഹതയില്ലെന്നുള്ള പരാമർശം (1)-ലെ സർക്കാർ നിർദ്ദേശം അസാധുവാക്കുകയും ശ്രീമതി ശാലിനി ബാബുവിന് ഇന്ദിരാഗാന്ധി വിധവാ പെൻഷന് അർഹതയുണ്ട് എന്നും പരാമർശം (3) പ്രകാരം ബഹു.ഹൈക്കോടതി ഉത്തരവായിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലയിലെ കടമക്കുടി ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡന്റ് ശ്രീമതി ശാലിനി ബാബുവിന്റെ ജീവിത സാഹചര്യങ്ങളും പരാമർശം (3)- ലെ ബഹു.ഹൈക്കോടതി വിധിയും കണക്കിലെടുത്ത് ഇത് പ്രത്യേക കേസായി പരിഗണിച്ച് ശ്രീമതി ശാലിനി ബാബുവിന് ഇന്ദിരാഗാന്ധി വിധവാ പെൻഷൻ അനുവദിച്ചുനൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുവാൻ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിക്കൊണ്ടും പരാമർശം (3)ലെ ബഹു. ഹൈക്കോടതി വിധി നടപ്പിലാക്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

SNEHALATHA K

ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖക്കത്ത് സഹിതം)
ശ്രീമതി ശാലിനി ബാബു (എറണാകുളം ജില്ലയിലെ കടമക്കുടി ഗ്രാമപഞ്ചായത്ത് മുൻ പ്രസിഡന്റ്)
തൈപ്പറമ്പിൽ ഹൗസ്, കണ്ടനാട്, കോതാട് (പി.ഒ), കൊച്ചി
പ്രിൻസിപ്പൽ ഡയറക്ടർ ,തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
സെക്രട്ടറി, കടമക്കുടി ഗ്രാമപഞ്ചായത്ത്, എറണാകുളം ജില്ല
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
കരുതൽ ഫയൽ[LSGD-EM2/387/2018-LSGD]

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് ന്
പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്